Draft #68 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 16-Apr-2020 02:14 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: എസ്.എഫ്. സെക്ഷൻ, എസ്.എഫ്. ലീഗൽ സെക്ഷൻ, എസ്.എഫ്. സ്പെഷ്യൽ സെൽ എന്നീ സെക്ഷനുകളുടെ മേൽനോട്ട ചുമതല ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി) -യ്ക്ക് നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 1797/AD A1/2020/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 16.04.2020

---

*പരാമർശം:*-രജിസ്ട്രാറുടെ 20.03.2020 തീയതിയിലെ രജി/2/138/2020 നമ്പർ കുറിപ്പിന്മേലുള്ള വൈസ് ചാൻസലറുടെ ഉത്തരവ്.

**ഉത്തരവ്**

സർവ്വകലാശാല നടത്തിവരുന്ന സ്വാശ്രയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിലും ബഹു. സുപ്രീം കോടതിയിലും നിലവിലുള്ള വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട ജോലികൾ ഏകോപിപ്പിക്കുന്നതിന് ജോയിൻറ് രജിസ്ട്രാർ 3 (ഭരണവിഭാഗം) ആയ ശ്രീ. സാബു തോമസ് -നെ ചുമതലപ്പെടുത്തിയിരുന്നു. കൂടാതെ, എസ്.എഫ്. സെക്ഷൻ, എസ്.എഫ്. ലീഗൽ സെക്ഷൻ, എസ്.എഫ്. സ്പെഷ്യൽ സെൽ എന്നിവയുടെ ചുമതലയും ജോയിൻറ് രജിസ്ട്രാർ 3 (ഭരണവിഭാഗം) ആണ് നിർവ്വഹിച്ചു വരുന്നത്. മേൽ സൂചിപ്പിച്ച മൂന്ന് സെക്ഷനുകൾക്കും ഡെപ്യൂട്ടി രജിസ്ട്രാർ തലത്തിൽ മേൽനോട്ട ചുമതല നൽകിയിട്ടില്ല.

ജോയിൻറ് രജിസ്ട്രാർ 3 (ഭരണവിഭാഗം) ആയ ശ്രീ. സാബു തോമസ് 2020 മെയ് 31 -ന് സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ ബഹു. കേരള ഹൈക്കോടതിയിലും ബഹു. സുപ്രീം കോടതിയിലും സ്വാശ്രയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള വിവിധ കേസ്സുകളുടെ മേൽ നോട്ടത്തിനായി ഡെപ്യൂട്ടി രജിസ്ട്രാർ തലത്തിലുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം കൂടി ലഭ്യമാക്കുന്നത് പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സഹായകരമായിരിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ, എസ്.എഫ്. സെക്ഷൻ, എസ്.എഫ്. ലീഗൽ സെക്ഷൻ, എസ്.എഫ്. സ്പെഷ്യൽ സെൽ എന്നിവയുടെ മേൽനോട്ട ചുമതല കൂടി ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി) -യ്ക്ക് നൽകിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ റെക്കോർഡ്‌സ് സെക്ഷൻ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി.
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം